# സെന്റ് മേരീസ് ഹൈസ്കൂൾ

## ഉമിക്കുപ്പ



# TREPPO

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**സെന്റ് മേരീസ് ഹൈസ്കൂൾ ഉമിക്കുപ്പ**

**ഇടകടത്തി പി.ഒ., ഉമിക്കുപ്പ, കോട്ടയം ജില്ല – 686510**

stmaryumikuppa@gmail.com

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കോട്ടയം |
| സ്കൂൾ കോഡ് | : | 32021 |
| സ്കൂളിന്റെ പേര് | : | സെന്റ് മേരീസ് ഹൈസ്കൂൾ, ഉമിക്കുപ്പ |
| മേൽവിലാസം | : | ഇടകടത്തി പി. ഒ., ഉമിക്കുപ്പ |
| പിൻകോഡ് | : | 686510 |
| ഇ.മെയിൽ | : | stmaryumikuppa@gmail.com |
| ഗ്രാമപഞ്ചായത്ത് | : | എരുമേലി |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| ക്ലാസ്സുകൾ | : | 8, 9, 10 |
| മാനേജ്മെന്റ് | : | കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, കാഞ്ഞിരപ്പള്ളി |
| പഠനമാധ്യമം | : | ഇംഗ്ലീഷ്, മലയാളം |
| ഹെഡ്മിസ്ട്രസ് | : | ശ്രീമതി ഓമന പി. |
| സ്റ്റാഫ് സെക്രട്ടറി | : | ശ്രീമതി അനു പി. ജോസ് |
| പി. ടി. എ. പ്രസിഡന്റ് | : | ശ്രീ. ജോൺസൺ ഇ. ജെ. |
| പി. ടി. എ. സെക്രട്ടറി | : | ശ്രീ. സിജോ എബ്രാഹം |

# സ്റ്റാഫ് ലിസ്റ്റ്

| | | |
|---|---|---|
| 1. | Omana P. | Headmistress |
| 2. | Jancy Mathew | HST (Hindi) |
| 3. | Biji James P. | HST (English) |
| 4. | Zachariah Thomas | HST (English) |
| 5. | Sijo Abraham | HST (Physical Science) |
| 6. | Anu P. Jose | HST (Physical Science) |
| 7. | Jacob Thomas | HST (Natural Science) |
| 8. | Rincy Alex | HST (Mathematics) |
| 9. | Suja V. Antony | HST (Mathematics) |
| 10. | George Joseph | HST (Malayalam) |
| 11. | Divya Jacob | HST (Malayalam) |
| 12. | Blessy Jose | HST (Social Science) |
| 13. | Denny Joseph | HST (Physical Education) |
| 14. | Murali Krishnan | Music |
| 15. | Biju Joseph | Clerk (HG) |
| 16. | Jestin Lukose | Office Attendant |
| 17. | Vijo George | Office Attendant |
| 18. | Robin Thomas | Full time Menial |

# വിദ്യാർത്ഥികളുടെ എണ്ണം

| | Std 8 | Std 9 | Std 10 | Total |
|---|---|---|---|---|
| **Boys** | 44 | 36 | 44 | 124 |
| **Girls** | 28 | 33 | 25 | 86 |
| **Total** | 72 | 69 | 69 | 210 |

**GRAND TOTAL**

| | | |
|---|---|---|
| Boys | - | 124 |
| Girls | - | 86 |
| | | 210 |

# TEACHER'S DUTY LIST 2025-26

| | | |
|---|---|---|
| 1. | Staff Secretary | Anu P. Jose |
| 2. | P.T.A. Secretary | Sijo Abraham |
| 3. | SITC | Sijo Abraham |
| 4. | SRG | Biji James P. |
| 5. | Catechism Promoter | Denny Joseph |
| 6. | Exam Committee Convenor | Jacob Thomas |
| 7. | K.C.S.L. | Blessy Jose |
| 8. | Vincent-De-Paul | Suja V. Antony |
| 9. | Discipline Committee Convenor | Denny Joseph |
| 10. | Library | Biji James P. |
| 11. | Noon meal Committee | Jancy Mathew |
| 12. | Vidyarangam | George Joseph |
| 13. | Red Cross | Divya Jacob |
| 14. | Finance Committee Members | Omana P., Biji James P., Jancy Mathew |
| 15. | SPC | Jacob Thomas, Rincy Alex |
| 16. | Little Kites | George Joseph, Blessy Jose |
| 17. | School Protection Committee | Sijo Abraham |
| 18. | Sasthrapadham | Anu P. Jose |
| 19. | Kalotsavam | Divya Jacob, Blessy Jose |
| 20. | Tour Committee | Omana P., 10th Class Teacher |
| 21. | Maths Club | Rincy Alex |
| 22. | Science Club | Anu P. Jose |
| 23. | Social Science Club | Blessy Jose |
| 24. | Health Club | Jacob Thomas |
| 25. | IT Club | Sijo Abraham |
| 26. | Nature Club | Jacob Thomas |
| 27. | Bus Convenor | Zachariah Thomas |
| 28. | Students Savings Scheme | Jacob Thomas |
| 29. | Teens Club | Anu P. Jose |

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവ ങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത് വികസനോത്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ രൂപകൽപ്പന ചെയ്യേണ്ടതുണ്ട് മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു. എൻ. സുസ്ഥിര വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അതിൽ നാലാമതായി പറഞ്ഞിരിക്കുകയും ചെയ്തിരിക്കുന്നത് ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു എന്നതാണ്.

ലോകത്തിലാകമാനം കേരളം മാതൃകയാണെന്ന് അഭിമാനിക്കു മ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശം, ഭാഷ, വർഗ്ഗം, വർണ്ണം, ലിംഗ ഭേദമെന്യെ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ഇനിയും പ്രാപ്യമാകേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമി മാസ്റ്റർ പ്ലാൻ. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തര പഠനബോധന രീതികളിൽ വന്ന മാറ്റങ്ങൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിച്ചു കൊണ്ടാണ് മാസ്റ്റർ തയ്യാറാക്കുന്നത്.

## ഉള്ളടക്കം


1. കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ
2. സെന്റ് മേരീസ് ഹൈസ്കൂൾ ചരിത്രം
3. അക്കാദമികം - നേട്ടങ്ങൾ, പരിമിതികൾ
4. ഭൗതികം - നേട്ടങ്ങൾ, പരിമിതികൾ
5. സാമൂഹികം - നേട്ടങ്ങൾ, പരിമിതികൾ
6. അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - വികസന ലക്ഷ്യങ്ങൾ
7. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി - ലക്ഷ്യങ്ങൾ
8. മാസ്റ്റർ പ്ലാൻ - വിഷയാടിസ്ഥാനത്തിൽ
9. ഉപസംഹാരം

## കാഴ്ചപ്പാടുകൾ

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സാങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കുവാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാക്കുന്നു.

## ലക്ഷ്യങ്ങൾ

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ-കലാകായിക പ്രവർത്തിപരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

വിദ്യാലയത്തിലെ പഠനപിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

ഓരോ അധ്യാപികയും / അധ്യാപകനും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മി ക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു.

പാർശ്വവത്ക്കരിക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കു ന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# ഉമിക്കുപ്പ സെന്റ് മേരീസ് ഹൈസ്കൂൾ ചരിത്രം

**1979** ജൂൺ മാസത്തിലാണ് ഉമിക്കുപ്പ സെന്റ് മേരീസ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചത്. അക്കാലയളവിൽ എരുമേലി വെൺകുറിഞ്ഞി വെച്ചൂച്ചിറ സ്കൂളുകൾക്കിപ്പുറത്ത് വിസ്തൃതമായ ഈ മലയോരമേഖലയിൽ എങ്ങും ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. വിദൂര സ്ഥലമായ ഈ സ്കൂളുകളിൽ കുട്ടികൾ കാൽനടയായിപ്പോയി വേണമായിരുന്നു വിദ്യ അഭ്യസിക്കുവാൻ അതുകൊണ്ട് മിക്കവരും ഏഴാം ക്ലാസ് കൊണ്ട് പഠനം അവസാനിപ്പിക്കുന്ന അവസ്ഥയായിരുന്നു നിലനിന്നിരുന്നത്. അതിന് പരിഹാരമെന്നോണം സാക്ഷാത്കൃതമായതാണ് ഈ വിദ്യാലയം. അക്കാലത്ത് പാണപിലാവ്, ഉമിക്കുപ്പ പള്ളികളുടെ വികാരിയായിരുന്ന ബഹുമാനപ്പെട്ട ജോർജ്ജ് പന്തയ്ക്കലച്ചനാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. നമ്മുടെ യു.പി. സ്കൂളിന്റെ ഹെഡ്മാസ്റ്ററും മറ്റ് അധ്യാപകരും കൈ-മെയ് മറന്ന് സാഹസികമായ ഈ ഉദ്യമത്തിന് നേതൃത്വം നൽകി.

അക്കാലത്തെ യാത്രകളെല്ലാം കാൽനടയായിട്ടായിരുന്നു. കലിങ്കുകളോ പാലങ്ങളോ നല്ല റോഡുകളോ വാർത്ത വിനിമയ മാർഗ്ഗങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. ഈ പ്രതിബന്ധങ്ങളെല്ലാം തരണം ചെയ്ത് 1979 ജൂണിൽ എട്ടാം ക്ലാസ് ആരംഭിച്ചു യു.പി സ്കൂളിന്റെ പടിഞ്ഞാറ് ഗ്രൗണ്ട് ശരിയാക്കി അവിടെ നിർമ്മിച്ച വലിയൊരു ഷെഡിൽ ആയിരുന്നു ക്ലാസുകൾ. 5 ഡിവിഷനുകളിലായി 200 ഓളം കുട്ടികളും ഏഴ് അധ്യാപകരും ഒരു അനധ്യാപകനും അടങ്ങുന്നതായിരുന്നു ഹൈസ്കൂൾ. തൻവർഷം നിയമകുരുക്കുകളാൽ സ്കൂളിന് അംഗീകാരം ലഭിച്ചില്ല. ഫാദർ ജോർജ്ജ് പന്തയ്ക്കലിന്റെ നേതൃത്വത്തിൽ യു.പി. സ്കൂളും ഹൈസ്കൂളും ഒന്നായി നിന്നുകൊണ്ടുള്ളതായിരുന്നു അന്നത്തെ പ്രവർത്തനങ്ങൾ കേവലം പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് വാങ്ങുക എന്ന താൽക്കാലിക നേട്ടത്തിനു വേണ്ടിയല്ലാതെ പഠന വിഷയങ്ങളിൽ ഉറച്ച അടിസ്ഥാനവും ആഴത്തിലുള്ള അറിവും കിട്ടത്തക്കവണ്ണമുള്ള ബോധനരീതി അന്ന് തന്നെ തുടങ്ങിവച്ചു. കലാകായിക രംഗങ്ങളിൽ വലിയ മുന്നേറ്റം തുടക്കത്തിൽ തന്നെ ഉറപ്പിക്കാനായി രണ്ടാം വർഷം ജില്ലാതലത്തിൽ കായിക മത്സരത്തിൽ ചാമ്പ്യൻഷിപ്പ് നേടി. ഇപ്പോഴത്തെ ഈ സ്കൂൾ കെട്ടിടം പണിയുന്ന കാര്യത്തിൽ അന്നത്തെ അധ്യാപകരും വിദ്യാർത്ഥികളും ഒന്ന് ചേർന്ന് പ്രയത്നിച്ചിട്ടുണ്ട്. കല്ലും മണ്ണും ചുമക്കുക, ഗ്രൗണ്ട് നിരപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ അധ്യാപക അനധ്യാപകരും പൊതുജനങ്ങളും രാപകലില്ലാതെ അധ്വാനിച്ചു. കലാപരിപാടികൾ അസ്വാദിക്കാൻ സാധ്യതകൾ ഇല്ലാതിരുന്ന അക്കാലത്ത് സ്കൂൾ വാർഷികങ്ങൾ ഈ നാടിന്റെ ഉത്സവങ്ങൾ ആയിരുന്നു. സ്കൂൾ തുടങ്ങി രണ്ടാം വർഷം ഒമ്പതാം ക്ലാസ്സും മൂന്നാം വർഷം

പത്താം ക്ലാസും ആരംഭിച്ചു രണ്ടാം വർഷം തന്നെ ക്ലാസുകൾ പുതിയ കെട്ടിടങ്ങളിലേക്ക് മാറി. സ്കൂൾ ഘടന പൂർത്തിയായപ്പോൾ ഡിവിഷനുകളുടെ എണ്ണം 13 ആയി ബഹുമാനപ്പെട്ട ഒ. ജെ. ജോസഫ് സാർ ആയിരുന്നു പ്രഥമ ഹെഡ്മാസ്റ്റർ അങ്ങനെ ഈ മലയോര മേഖലയിലെ വിദ്യാഭ്യസരംഗത്ത് നമ്മുടെ സ്ഥാനം കൂടുതൽ കൂടുതൽ തെളിഞ്ഞു വന്നു. അഭിമാനിക്കത്തക്ക പരീക്ഷാ വിജയം നമുക്ക് എല്ലാകാലത്തും ലഭിച്ചിട്ടുണ്ട്. 1982 ലാണ് പ്രഥമ ബാച്ച് എസ്. എസ്.എൽ.സി. പരീക്ഷ എഴുതിയത്. ഫസ്റ്റ് ക്ലാസുകളോടെ 82% വിജയം ലഭിച്ചു അന്നത്തെ കാലത്ത് ജില്ലാതലത്തിൽ തന്നെ മികച്ച വിജയം ആയിരുന്നു. അത് സംസ്ഥാന ശരാശരി 30 നും 35 നും ഇടയ്ക്ക് നിൽക്കുന്ന കാലഘട്ടത്തിൽ ഫസ്റ്റ് ക്ലാസ് കിട്ടുക എന്നത് അപൂർവ്വം നേട്ടമാണ്. പുതിയ പാഠ്യപദ്ധതിയും പരീക്ഷാ സമ്പ്രദായവും വന്നതിനുശേഷം നമ്മുടെ വിജയനിലവാരം ഉയർന്നു. പലപ്പോഴും 100 % റിസൾട്ട് ലഭിച്ചു. ഗ്രേഡ് നിലവാരവും വളരെ മെച്ചപ്പെട്ടതാണ് ആധുനിക തലമുറയെ കാര്യപ്രാപ്തിയും രാജ്യസ്നേഹവും പൗരബോധവും സേവന സന്നദ്ധതയും ഉള്ള വ്യക്തികൾ ആക്കി വളർത്തിക്കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെ കേരളം ഗവൺമെന്റ് നടപ്പിലാക്കിയ എസ്.പി.സി. പദ്ധതി ഇവിടെ ആരംഭിച്ചു.

അധ്യാപക ദിനമായ സെപ്റ്റംബർ 5 ന് പൂർവ്വ അധ്യാപകരെ ആദരിക്കുന്നു. പരിസ്ഥിതി ദിനമായ ജൂൺ 5 ന് വർഷംതോറും കുട്ടികൾക്ക് വൃക്ഷതൈ വിതരണം ചെയ്യുന്നു. പത്താം ക്ലാസിലെ കുട്ടികളുടെ പഠനം നിലവാരം മെച്ചപ്പെടുത്തുന്നതിനായി മോർണിംഗ് - ഈവനിംഗ് ക്ലാസുകൾ നടത്തി വരുന്നു. ഫാർമേഴ്സ് ക്ലബ്, നേച്ചർ ക്ലബ്, ഹെൽത്ത് ക്ലബ് തുടങ്ങിയ ക്ലബ്ബുകളും ഈ സ്കൂളിൽ പ്രവർത്തിക്കുന്നു. ഫാർമേഴ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്യുന്നു. വിളവെടുക്കുന്ന ഉൽപ്പന്നങ്ങൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് ഉപയോഗിക്കുന്നു. നാട്ടറിവുകൾ ശേഖരിക്കുന്നതിനും കർഷകരുടെ അനുഭവങ്ങൾ അറിയുന്നതിനും ക്ലബ്ബ് കുട്ടികൾക്ക് അവസരം നൽകുന്നു.

ലഹരിവിരുദ്ധ ക്ലബ് ഈ സ്കൂളിൽ പ്രവർത്തിക്കുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹിക വിപത്തുകളെ മനസ്സിലാക്കുവാനും അതിനെതിരെ പോരാടുവാനും ഈ ക്ലബ്ബ് പ്രോത്സാഹനം നൽകുന്നു.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു. വിദ്യാരംഗം കലാസാഹിത്യ വേദി, കലാമേള തുടങ്ങിയവയിലൂടെ കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുവാൻ പ്രോത്സാഹനം നൽകിവരുന്നു. കായികരംഗത്ത് കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു. ഫുട്ബോൾ, നീന്തൽ തുടങ്ങിയവയിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

സ്റ്റുഡൻസ് പോലിസ് കേഡറ്റ്, ജൂനിയർ റെഡ് ക്രോസ് തുടങ്ങിയ സംഘടനകളിൽ അംഗങ്ങൾ ആവുകയും പരിശീലനം നേടി നല്ല കേഡറ്റുകളായി മാറി ഗ്രേസ് മാർക്കിന് അർഹത നേടുകയും ചെയ്യുന്നു.

സയൻസ് ആൻഡ് എനർജി ക്ലബ്, മാത്സ് ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, പ്രവർത്തിപരിചയ ക്ലബ്ബ്, സോഷ്യൽ സയൻസ് , ഐ.ടി തുടങ്ങിയ ക്ലബ്ബുകളിൽ കുട്ടികൾ അംഗങ്ങളാവുകയും സബ്ജില്ല, ജില്ലാ- സംസ്ഥാന തല മത്സരങ്ങളിൽ വരെ പങ്കെടുക്കുകയും മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. പത്താം ക്ലാസ്സ് കുട്ടികൾക്ക് പഠന വിനോദയാത്ര നടത്തിവരുന്നു.

പി.ടി. എ. യുടെ പ്രവർത്തനങ്ങൾ ഇവിടെ വളരെ സജീവമാണ്. പി. ടി. എ. അംഗങ്ങളുടെ സഹായത്തോടെ വർഷംതോറും കുട്ടികളുടെ ഭവന സന്ദർശനം നടത്തിവരുന്നു കുട്ടികളുടെ ജീവിതസാഹചര്യം അടുത്തറിയുവാൻ ഇതിലൂടെ സാധിക്കുന്നു. എട്ടാം ക്ലാസിലെ കുട്ടികൾക്ക് ഗവൺമെന്റ് നൽകിവരുന്ന ഉച്ചഭക്ഷണപരിപാടി ഇവിടെ വിജയകരമായി നടപ്പാക്കി വരുന്നു. കുട്ടികളുടെ പഠനം മികവിന് അംഗീകാരം ആയി വിവിധ സ്കോളർഷിപ്പുകൾ നൽകിവരുന്നു. എൻ. എം. എം. എസ് പോലുള്ള അഖിലേന്ത്യ സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

## അക്കാദമിക നേട്ടങ്ങൾ

കോട്ടയം ജില്ലയിലെ എരുമേലി പഞ്ചായത്തിൽ ശബരിമല പാതയിൽ സ്ഥിതി ചെയ്യുന്ന ഉമിക്കുപ്പ ഹൈസ്കൂൾ എല്ലാവിഷയവും തന്നെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയവും ഉന്നതഗ്രേഡും കരസ്ഥമാക്കി മുന്നോട്ടുപോകുന്നു. കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് നൽകുന്ന ബെസ്റ്റ് സ്കൂൾ അവാർഡ് തുടർച്ചയായി നേടിക്കൊണ്ടിരിക്കുന്നു. എൻ.എം.എം.എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ കൂടുതൽ കുട്ടികൾക്ക് പരിശീലനം നൽകി അവരെ പങ്കെടുപ്പിക്കുകയും ഉന്നതവിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിലേക്ക് നയിക്കുന്നു. എസ്.എസ്.എൽ.സി. കുട്ടികൾക്ക് റഗുലർ ക്ലാസ്സുകൾക്ക് പുറമേ ജൂൺ മുതൽ ആരംഭിക്കുന്ന മോണിംഗ്, ഈവനിംഗ് ക്ലാസ്സുകൾ നമ്മുടെ വിദ്യാലത്തിന്റെ വിദ്യാലയത്തിന്റെ വിജയത്തിന് അടിത്തറയായി പ്രവർത്തിച്ചുവരുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ ഉതകുന്ന രീതിയിൽ ആസൂത്രണം ചെയ്യുന്നു. ഗെയിംസ്, അത്‌ലറ്റിക്സ്, നീന്തൽ എന്നിവയ്ക്കും പരിശീലനം നൽകുകയും മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് ഉന്നത വിജയം കരസ്ഥമാക്കുന്നു. എസ്.എസ്.പി.സി., ജെ.ആർ.സി., സയൻസ് സോഷ്യൽ, സയൻസ്, മാത്സ്, എക്കോ ക്ലബ്, ആന്റീ നാർക്കോട്ടിക് ക്ലബ്ബ്, ഫാൻസ് ക്ലബ്, വിൻസെന്റ് ഡിപോൾ തുടങ്ങിയ വൈവിധ്യമാർന്ന സംഘടനകളിലൂടെയും ക്ലബ്ബുകളിലൂടെയും പഠനത്തോടൊപ്പം സേവന മനോഭാവം വളർത്തിയെടുക്കുവാൻ കഴിയുന്നു.

എസ്.എസ്.എൽ.സി. കുട്ടികൾക്കുള്ള പരിശീലനത്തിന് പുറമെ 8, 9 ക്ലാസ്സുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി അക്ഷരകളരി, ശ്രദ്ധ തുടങ്ങിയ പദ്ധതികളും ഫലപ്രദമായി നടത്തിവരുന്നു. തൽഫലമായി എഴുത്തും വായനയും അറിയാത്ത കുട്ടികളെ മുഖ്യധാരയിലേക്ക് ഉയർത്തുവാൻ സാധിച്ചു.

## അക്കാദമിക പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് നിലവാരത്തിൽ ആണെങ്കിലും നെറ്റ്‌വർക്ക് കവറേജ് എല്ലാ ക്ലാസ്സുകളിലും ലഭിക്കുന്നില്ല എന്നത് ഒരു പരിമിതിയാണ്. പി.ടി.എ.യുടെ സഹകരണത്തോടെ ക്ലാസ്സ് മുറികൾ എല്ലാ

സീലിംഗ് ചെയ്തു. രണ്ട് ക്ലാസ്സ് റൂമുകൾ ടൈലുകൾ പാകി വൃത്തിയാക്കിയിട്ടുണ്ട്. എങ്കിലും ബാക്കി ക്ലാസ്സുകൾ കൂടെ ടൈലുകൾ പാകേണ്ടതുണ്ട്. ഗണിതലാബ്, സാമൂഹ്യശാസ്ത്രലാബ്, ലാംഗ്വേജ് ലാബ് എന്നിവ ഇല്ല. അതുപോലെ സയൻസ് ലാബ് ഉണ്ടെങ്കിലും കെമിസ്ട്രി, ഫിസിക്സ്, ബയോളജി എന്നിവയ്ക്ക് പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ്. പ്രവർത്തിച്ചു പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ സ്വാർത്ഥകമാക്കുവാൻ പ്രത്യേകം ലാബ് സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്. കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഭൗതികനേട്ടങ്ങൾ

നിലവിൽ രണ്ട് ക്ലാസ്സുകൾ ടൈലുകൾ പാകിയും മുഴുവൻ ക്ലാസ്സ് റൂമുകൾ സീലിംഗ് ചെയ്യുകയും ഹൈടെക് ആക്കുകയും ചെയ്തു. എല്ലാ ക്ലാസ്സ് മുറികളിലും പ്രോജക്ടർ, ലാപ്ടോപ്പ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇവ സൂക്ഷിക്കുന്നതിനായി എല്ലാ ക്ലാസ്സുകളിലും അലമാരയും വച്ചിട്ടുണ്ട്.

കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി സൗകര്യം ഒരുക്കിയിട്ടുണ്ട്. ലൈബ്രറിയിൽ 3000ത്തോളം പുസ്തകങ്ങൾ വിഷയാടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് ശാരീരികമായ അവശകൾ ഉണ്ടാകുമ്പോൾ വിശ്രമിക്കുന്നതിന് വിശ്രമം മുറി ഒരുക്കിയിട്ടുണ്ട്. 20 കമ്പ്യൂട്ടറുകളിൽ ഉള്ള ലാബ് ഉണ്ട്. 500 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം സ്കൂളിൽ ഉണ്ട്.

## ഭൗതികപരിമിതികൾ

നിലവിലുള്ള ഏഴ് ക്ലാസ്സ് മുറികളും ഹൈടെക് നിലവാരമുള്ളതാണെങ്കിലും 5 ക്ലാസ്സ് മുറികൾ കൂടി ടൈലുകൾ പാകേണ്ടതും നിലവാരമുള്ള ഇരിപ്പിടങ്ങൾ സജ്ജീകരിക്കേണ്ടതായിട്ടുമുണ്ട്. ലൈബ്രറിയിൽ 300ത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉകരണങ്ങൾ ആവശ്യമാണ്. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ആവശ്യത്തിന് ഫർണീച്ചറുകളും പാത്രങ്ങളും

ലഭ്യമാക്കണം. കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ശൗചാലയം പ്രത്യേകിച്ച് ആൺകുട്ടികൾക്ക് വേണ്ടി പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തുകയും വേണം. ആകർഷകമായ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവയുണ്ടെങ്കിലും മെച്ചപ്പെടുത്തേണ്ടതുണ്ട്. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും മതിൽ കെട്ടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകി മത്സരങ്ങളിൽ ഉന്നതവിജയം നേടുന്നുവെങ്കിലും നീന്തൽ പരിശീലിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്.

## സാമൂഹികനേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നു. സാമൂഹ്യശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുത്തുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതിയുണ്ട്.

## പാഠ്യേതര പ്രവർത്തനങ്ങൾ

മികച്ച അക്കാദമിക നിലവാരം പുലർത്തുന്നതിനോടൊപ്പം തന്നെ എല്ലാവർഷവും പാഠ്യേതര പ്രവർത്തനങ്ങളിലും തിളക്കമാർന്ന നേട്ടങ്ങൾ കൊയ്യാൻ വിദ്യാലയത്തിന് കഴിയുന്നുണ്ട്. കലാമേഖലയിൽ സബ്ജില്ലാ-ജില്ലാതലങ്ങളിലും മികച്ച നേട്ടങ്ങൾ കരസ്ഥമാക്കാൻ കഴിയുന്നു.

### കലോത്സവം

സ്കൂൾതല കലോത്സവം നടത്തി വിജയിക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകി സബ്ജില്ലാ -ജില്ലാ - സംസ്ഥാന തലങ്ങളിൽ മത്സരിപ്പിച്ച് വിജയം നേടുന്നു.

## കായിക മത്സരം

കായിക ഇനങ്ങളിൽ സബ്ജില്ല - ജില്ലാ - സംസ്ഥാന തലങ്ങളിൽ പങ്കെടുത്ത് വിജയം ഉറപ്പുവരുത്തുന്നു. കൂടാതെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും നീന്തൽ പരിശീലനം നൽകി കുട്ടികളെ സംസ്ഥാനതലത്തിൽ വരെ മത്സരിപ്പിച്ച് വിജയം കരസ്ഥമാക്കുന്നു.

## ശാസ്ത്ര - പ്രവർത്തി പരിചയമേള

സ്കൂൾതല മേളകൾ നടത്തി വിജയികൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ സംസ്ഥാനതലത്തിൽ വരെ മത്സരിപ്പിക്കുന്നു. അസൗകര്യങ്ങളുടെ നടുവിൽ നിന്നുണ്ട് ഇടക്ട്രിക്കൽ - വയറിംഗ് സംസ്ഥാനതലത്തിൽ എ ഗ്രേഡ് നേടിയതും തയ്യൽ, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവയ്ക്ക് ജില്ലാതലത്തിൽ വരെ ഉന്നത വിജയം കരസ്ഥമാക്കാൻ സാധിച്ചത് ഉമിക്കുപ്പ സ്കൂളിന്റെ പ്രത്യേകതയാണ്.

## എസ്.പി.സി.

44 എസ്.പി.സി. കേഡറ്റ്സ് വീതം ഓരോ വർഷവും പരിശീലനം നേടി പാസിംഗ് ഔട്ട് പരേഡ് നടത്തി സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്നു. പുണ്യം പൂങ്കാവനം പോലുള്ള കർമ്മപരിപാടികളിൽ ശബരിമല പാതയിലുള്ള ഈ സ്കൂളിലെ എസ്.പി.സി. കേഡറ്റുകളുടെ പ്രവർത്തനം വിലമതിക്കാനാവാത്തതാണ്. റോഡ് ആക്സിഡന്റ് പോലുള്ള അവസരങ്ങളിലും ഇവിടെ നിന്ന് പുറത്തിറങ്ങുന്ന എസ്.പി.സി. കേഡറ്റുകൾ മുൻപന്തിയിൽ തന്നെയുണ്ട്.

## ജെ.ആർ.സി.

ജൂനിയൻ റെഡ് ക്രോസ് പരിശീലനം നേടി സി ലെവ്, ബി ലെവ് പരീക്ഷകൾ പാസ്സായി കുട്ടികൾ സേവന സന്നദ്ധരായി സമൂഹത്തിലേക്ക് ഇറങ്ങുന്നു.

## വിദ്യാരംഗം കലാസാഹിത്യവേദി

## വായനാക്കളരി

കുട്ടികളിൽ വായനാശീലനം വളർത്തുന്നതിനും ഭാഷാശേഷി കൈവരിക്കുന്നതിനും ആയി ഭാഷാധ്യാപകരുടെ നേതൃത്വത്തിൽ വായന കളരി പ്രവർത്തിച്ചുവരുന്നു. വായന കളരിയിലൂടെ കുട്ടികൾ സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുകയും പുസ്തകം വായിച്ച് പുസ്തക പരിചയം,

ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കി ക്ലാസ്സുകളിൽ അവതരിപ്പിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനും സഭാകമ്പം കൂടാതെ പൊതുവേദികളിൽ സംസാരിക്കുന്നതിനും പ്രാപ്തരാക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്

വിവരസാങ്കേതിവിദ്യയുടെ സാധ്യതകളെ മനസ്സിലാക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ 2025-26 അധ്യയന വർഷം മുതൽ നമ്മുടെ സ്കൂളിലും ആരംഭിച്ചു. പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിൽ 21 കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടു. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച രണ്ട് അധ്യാപകർ കൈറ്റ് മെന്റേഴ്സ് ആയിട്ടുണ്ട്. പഠനത്തോടൊപ്പം ഐ.ടി. ഉപകരണങ്ങളുടെ സുരക്ഷ, പരിചരണം, ഓൺലൈൻ പ്രവർത്തനങ്ങൾ എന്നിവയിൽ ക്ലബ് അംഗങ്ങൾ പങ്കാളികളാകുന്നു.

## സ്പീക്കേഴ്സ് ക്ലബ്

പബ്ലിക് സ്പീക്കിംഗിനുള്ള കുട്ടികളുടെ ശേഷിയെ വർദ്ധിപ്പിക്കുന്നതിനായി സ്പീക്കേഴ്സ് ഫോറം രൂപീകരിച്ചിരിക്കുന്നു. കുട്ടികളുടെ സഭാകമ്പം മാറി പൊതുവേദികളെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു. പ്രസംഗത്തിന്റെ ഘടന മനസ്സിലാക്കി സംസാരിക്കാനുള്ള കഴിവ് ആർജ്ജിക്കുന്നു. കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു.

## പഠനയാത്ര

പാഠപുസ്തകങ്ങൾ നൽകുന്ന അറിവിനപ്പുറത്തേക്ക് ചെന്ന് പ്രായോഗിക ജീവിതത്തെ എല്ലാ അർത്ഥത്തിലും ദർശിക്കുവാൻ വേണ്ടി പത്താം ക്ലാസ് കുട്ടികൾക്കായി പ്രത്യേകവും മറ്റു ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരു ദിവസത്തെ പഠനയാത്രയും സംഘടിപ്പിക്കുന്നു. അതുവഴി കുട്ടികളിൽ സാമൂഹിക ബോധം വളർത്തുവാനും ചുറ്റുപാടുകളുമായി പൊരുത്തപ്പെടാനും ആത്മവിശ്വാസം, സ്വാതന്ത്ര്യം എന്നിവ വളർത്തിയെടുക്കുവാനും പഠനയാത്രയിലൂടെ സാധിക്കുന്നു. പഠനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കും താഴ്ന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കും ഒരുപോലെ സാംസ്കാരിക അനുഭവങ്ങൾ നേടുന്നതിനും പഠനയാത്ര സഹായിക്കുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കി.
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണപരിപാടി
6. ലബോറട്ടി നവീകരണം
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവവൈവിധ്യ പാർക്ക്
10. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
11. പഠനയാത്രകൾ
12. പത്രം, മാസികകൾ
13. അധ്യാപകശാക്തീകരണം
14. പ്രവർത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം, പൂന്തോട്ടം
17. ദിനാചരണങ്ങൾ
18. ഗവേഷണാത്മക പഠനം
19. കായികശേഷി വികസനം
20. നീന്തൽ പരിശീലനം
21. ശാസ്ത്ര, ഗണിതശാസ്ത്ര, സോഷ്യൽ സയൻസ്, ഐ.ടി., പ്രവർത്തി പരിചയമേളകൾ
22. ചിത്രരചന, ഉപന്യാസ മത്സരങ്ങൾ
23. ജനറൽ പി.ടി.എ., ക്ലാസ്സ് പി.ടി.എ.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി - ലക്ഷ്യങ്ങൾ

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. നമ്മുടെ സ്കൂളിലും ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായി നിറവേറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

- ♦ അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക.
- ♦ ക്ലാസ്സ്റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിതസമയം ഉറപ്പുവരുത്തുക.
- ♦ സ്കൂൾ എസ്. ആർ. ജി. വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കൽ
- ♦ ഓരോ ക്ലാസ്സിലും വിഷയാധിഷ്ഠിതമായി പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- ♦ കുട്ടികൾക്ക് വേണ്ട പഠനപിന്തുണ പരിപാടി നടപ്പിലാക്കുക.
- ♦ ഭിന്നശേഷി കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പഠന പരിപോഷണ പരിപാടികൾ നടപ്പിലാക്കുക.
- ♦ നിരന്തര മൂല്യനിർണ്ണയവും കുട്ടികളുടെ സമഗ്ര പഠന പുരോഗതിയും വികസിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre Test (10.6.24)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം അടിക്കുറിപ്പ്<br>9. ചിത്രം – കഥപറയൽ<br>10. ചിത്രം – കഥ എഴുതൽ<br>11. കഥ – ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. പ്രത്യേകം ക്ലാസ്സ് | 2 മാസം ജൂൺ – സെപ്റ്റംബർ | പുസ്തകങ്ങൾ കാർഡ് | BRC<br>PTA |
| 2. | കുട്ടിയെ മികച്ച വായന–ക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനാമൂല ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യ വേദി<br>12. ദിനാചരണങ്ങൾ<br>13. ഇ–വായന<br>14. വായനകൂട്ടം–മോണിറ്ററിംങ് | 6 മാസം | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പബ്ലിക് ലൈബ്രറി<br>പത്രം<br>വായനമുറി<br>ഇന്റർനെറ്റ് | BRC<br>PTA<br>ഗ്രന്ഥശാല |

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | ആശയവിനിമയ ശേഷി വർദ്ധിപ്പിക്കൽ | 1. കഥാശ്രവണം<br>2. കഥ പറച്ചിൽ<br>3. അഭിമുഖം<br>4. വ്യത്യസ്ത വ്യവഹാര രൂപങ്ങളുടെ അവതരണം വിശകലനം (കവിത, ലേഖനം, സാഹിത്യനിരൂപണങ്ങൾ)<br>5. പ്രസംഗം | വർഷം മുഴുവൻ | പുസ്തകങ്ങൾ<br>ഇന്റർനെറ്റ് | BRC<br>അദ്ധ്യാപകർ, PTA<br>ഗ്രന്ഥശാല |
| 4. | സർഗ്ഗ ശേഷി വികാസം | 1. പതിപ്പ് നിർമ്മാണം<br>2. പത്ര നിർമ്മാണം<br>3. വിവിധ കലാരൂപങ്ങളുടെ അവതരണം<br>4. പാഠഭാഗവുമായി ബന്ധപ്പെട്ട റീൽസ് തയ്യാറാക്കൽ<br>5. സിനിമ ആസ്വാദനം, പഠനം<br>6. അനുഭവങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കൽ<br>7. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ | 7 മാസം | പുസ്തകങ്ങൾ<br>ഇന്റർനെറ്റ്<br>സിനിമ | അദ്ധ്യാപകർ, PTA |

# ACADEMIC MASTER PLAN - ENGLISH

| Sl. No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Listening | • Listen to the audio and answer the given questions.<br>• Teacher shows the lesson related videos using ICT<br>• Asks the students to watch the English news (BBC) | 1 year | Teacher asks them to give a brief explana-tion about what they listen. | | To acquire listening skill |
| 2 | Reading | • News paper reading.<br>• Provide books from the library and ask them to write the re-view. | 1 year | librarian | | To acquire reading skill |
| 3 | Speaking | • Communicate in English during English periods<br>• Speech Competitions<br>• Extempore<br>• Class room Speeches | 1 year | Select language leader in all classes. | | To acquire speaking skill |
| 4 | Writing | • Essay writing<br>• Poetry competitions<br>• Story writing<br>• Diary entry<br>• News report<br>• Notice<br>• Letter | 1 year | Evaluation will be done by English teachers. | | To acquire writing skill. |
| 5 | Vocabulary | • Asks the students to study five new words, their meanings and their different forms every day<br>• Find the new words and their meanings from the daily news. | 1 year | Language leader | | To develop the vocabulary |

## ACADEMIC MASTER PLAN - ENGLISH

| Sl. No. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6 | Grammar | • Teacher gives a passage and asks them to edit and give the reasons.<br>• Reported speech tenses etc. | 1 year | English Teacher | | To acquire the ability to use the different tense forms. |
| 7 | **CWSN**<br>Reading | • Provide sounds of alphabets with examples | 1 year | English Teacher | | They acquire alphabets and their sounds |
| 8 | Writing | • Asks them to write their names according to the sounds. | 1 month | English Teacher | | They develop the ability to write names. |
| | | • Asks them to write simple words and study their correct spellings | 1 year | English Teacher | | They study spellings of words. |
| 9 | Speaking | • Ask them to use English words to their spoken language. | 1 year | English Teacher | | They try to speak English. |
| | | | | | | |

# ACADEMIC MASTER PLAN - HINDI

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം |
| --- | --- | --- |
| അക്ഷരം, ചിഹ്നം തുടങ്ങിയവ പരിശീലിപ്പിക്കുന്നു. എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. | അക്ഷരമാല കാർഡ് അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ, ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ പരിചയപ്പെടുത്തുന്നു.<br><br>വായനപരിശീലനം നടത്തുന്നു. | കുട്ടികളുടെ ജനനതീയതി ഹിന്ദിയിൽ എഴുതിപ്പിക്കുന്നു. ഹിന്ദി കലർ തയ്യാറാക്കുന്നു. | ആഗസ്റ്റ്, സെപ്റ്റംബർ |
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ എന്നിവ നൽകുന്നു. | ഡിസംബർ, ജനുവരി |
| ഹിന്ദി എഴുതാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കത്തെി പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു പുസ്തകങ്ങൾ വായനയിൽ പ്രാധാന്യം നൽകുന്നു. | ജൂൺ, ജൂലൈ |
| നാമം, സർവ്വനാമം വിശേഷണം എന്നിവ പരിചയപ്പെടുത്തുന്നു. ചെറിയ, ചെറിയ വാക്യങ്ങൾ എഴുതിപ്പിക്കുന്നു. | പാഠഭാഗങ്ങളിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കത്തൊൻ നിർദ്ദേശം കൊടുക്കുന്നു. | ഓഗസ്റ്റ്, സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാൻ പഠിപ്പിക്കുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ പഠിപ്പിക്കുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു.<br><br>ചെറിയ കവിതകൾ കൊടുത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ പഠിപ്പിക്കുന്നു. | നവംബർ, ഡിസംബർ |
| | | |

# ACADEMIC MASTER PLAN - HINDI

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം |
|---|---|---|
| ഹിന്ദി എഴുതാനും വായിക്കുവാനും അറിയത്തില്ലാത്ത കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനം നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുന്നു. | ജൂൺ, ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷസമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. | പാഠഭാഗങ്ങളിലെ കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br><br>എല്ലാ ദിവസവും ഡയറി എഴുതാൻ നിർദ്ദേശം നൽകുന്നു. | നവംബർ, ഡിസംബർ, ജനുവരി |
| | | |

# ACADEMIC MASTER PLAN - SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക. ഇലക്ഷൻ നടപടിക്രമങ്ങൾ മനസ്സിലാക്കുക. | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിച്ച് നടത്തുക. | വർഷത്തിൽ ഒരു തവണ | എസ്. എസ്. അധ്യാപകൻ എസ്. പി. സി. എസ്. എസ്. ക്ലബ്ബ് |
| സാമൂഹ്യശാസ്ത്ര പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് കൈത്താങ്ങ് കൊടുക്കുക. | പാഠഭാഗങ്ങളിലെ ഒറ്റാവാക്കിൽ ഉത്തരം ക ണ്ടെ ത്താ നു ള്ള ചോദ്യങ്ങളും ഉത്തരങ്ങളും എഴുതി പഠിപ്പിക്കുക. | 1 വർഷം | എസ്. എസ്. അധ്യാപകൻ |
| ദിനാചരണ ബോധ്യവും പൊതുവിജ്ഞാനവും വളർത്തുക. | ക്വിസ് മത്സരങ്ങൾ കുറിപ്പ് തയ്യാറാക്കൽ | ടേമിൽ ഒന്നോ ര ണ്ടോ | എസ്. എസ്. ക്ലബ്ബ് |
| ചരിത്രസ്ഥലബോധ്യം ഉ ണ്ടാ ക്കു ക . | പഠനയാത്രകൾ | വർഷത്തിൽ 1 | പത്താംക്ലാസ്സ്, ക്ലാസ്സ് അധ്യാപകർ, എച്ച്. എം. , മറ്റ് അധ്യാപകർ |
| | | | |

# ACADEMIC MASTER PLAN - SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **1.അത്ഭുത കണ്ണിലൂടെ** കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊ് മോഡൽ നിർമ്മിക്കുന്നു.<br>പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുതകളുടെ പ്രദർശനം. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ |
| **2. ശാസ്ത്ര ലോകത്തേയ്ക്ക്** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ചു. മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| **3. വൈജ്ഞാനിക ബഹിർസ്ഫുരണം** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾക്ക് നട്ട് പിടിപ്പിക്കൽ, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് |
| **FOR CWSN**<br>4. പീരിയോഡിക് ടേബിളിലെ മൂലകങ്ങൾ തരം തിരിക്കൽ | പീരിയോഡിക് ടേബിളിലെ ഓരോ മൂലകങ്ങളും ഏത് ബ്ലോക്കിലാണെന്ന് ക് മനസ്സിലാക്കുന്നതിന് ഓരോ ബ്ലോക്കിനും വിവിധ കളർ നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

# ACADEMIC MASTER PLAN - SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 3. ഹൈടെക് വേൾഡ് : മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 4. ആയുർരേഖ : പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽകരിക്കുന്നു.<br>കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ |
| | | | |

# ACADEMIC MASTER PLAN - SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സ്കൂളിലും പരിസരത്തും മഴക്കാല പൂർവ്വം മഴക്കാല ശുചീകരണം നടത്തുക. | 1. സ്കൂളിലും പരിസരത്തും വെള്ളം കെട്ടികിടക്കുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.<br>2. ഓടകൾ വൃത്തിയാക്കി വെള്ളം സുഗമമായി ഒഴുകുന്നതിനുള്ള മാർഗ്ഗം ഒരുക്കുക.<br>3. ഒടിഞ്ഞുവീഴുവാൻ സാധ്യതയുള്ള മരച്ചില്ലകൾ വെട്ടിമാറ്റുക.<br>4. മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക.<br>5. ഭവനസന്ദർശനം – കുട്ടികളുടെ വീടും പരിസരവും നിരീക്ഷിക്കൽ<br>6. ജലസ്രോതസുകൾ വൃത്തിയാക്കുക. | മെയ് – ആഗസ്റ്റ് | ഹെൽത്ത് ക്ലബ്ബ്, പി. റ്റി. എ. എസ്.പി. സി., റെഡ് ക്രോസ്, ഹെൽത്ത് | പി. റ്റി. എ., പഞ്ചായത്ത് |
| 2. ശാസ്ത്രീയമായ മാലിന്യ സംസ്കരണം | 1. ജൈവ – അജൈവ മാലിന്യങ്ങൾ തരംതിരിക്കുക.<br>2. പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴുകി, ഉണക്കി ഹരിതകർമ്മ സേനയ്ക്ക് കൈമാറുക.<br>3. ജൈവമാലിന്യ പുനരുപയോഗം | അക്കാദമിക വർഷം | വിവിധ ക്ലബ്ബുകൾ , പി. റ്റി. എ., പഞ്ചായത്ത് | പി. റ്റി. എ., പഞ്ചായത്ത് വ്യക്തികൾ |

# ACADEMIC MASTER PLAN - MATHEMATICS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഗണിതത്തിൽ താൽപര്യം വളർത്തുക | ഗണിതക്ലബ്ബിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നു. പ്രവർത്തനങ്ങൾ തുടങ്ങുന്നു. | ജൂൺ – മാർച്ച് | അദ്ധ്യാപകർ | ഗണിത ക്ലബ് |
| 2. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക. | പ്രീ. ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത് സ് ക്ലീനിക്ക് | ജൂൺ | അദ്ധ്യാപകർ, സമർത്ഥരായ കുട്ടികൾ | |
| 3. നിർമിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതിപ്പെട്ടിയുടെ ലഭ്യത അതിന്റെ ഉപയോഗത്തെക്കുറിച്ചുള്ള ബോധവത്ക്കരണം | ജൂലൈ | അദ്ധ്യാപകർ | |
| 4. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ പി.ടി.എ. | |
| 5. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ, ഇവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ. പി. ടി. എ. | |
| 6. സംഘബോധം ഉാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ | |

# ACADEMIC MASTER PLAN - MATHEMATICS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 8. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികൾ ക്ലാസ്സടിസ്ഥാനത്തിലും പൊതുവായും ഗണിതമാഗസിനുകൾ തയ്യാറാക്കുന്നു. | ഓഗസ്റ്റ്– സെപ്റ്റംബർ | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് ഭാരവാഹികൾ | |
| 9. ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | ഓഗസ്റ്റ്– നവംബർ | അധ്യാപകർ | |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ പ്രത്യേകമായി ക് പഠനകാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നു. | ഒരു ടേമിൽ ഒരു പ്രാവശ്യം | അധ്യാപകർ, എച്ച്. എം. | |
| 11. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഐ. ടി. സാധ്യതകൾ ഉപയോഗപ്പെടുത്തികൊ് കുട്ടികളിലേക്ക് എത്തിക്കുന്നു. | മത്സരത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 12. വിവിധ ശേഷികളുടെ വികസനം. കുട്ടികളുടെ ഗണിത അറിവുകളുടെ മെച്ചപ്പെടുത്തൽ. | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേ പ്രവർത്തനങ്ങൾ എസ്. ആർ. ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | പ്രധാനപ്പെട്ട ഗണിത ദിനങ്ങൾ | എസ്. ആർ.ജി. ഗണിത അധ്യാപകർ | |

## ACADEMIC MASTER PLAN - COUNSELLING

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ | 1. ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കത്തെൽ<br><br>2. ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്. | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | കൗൺസിലിങ്ങ് ടീച്ചർ | സാമ്പത്തികം |

## ACADEMIC MASTER PLAN - HEALTH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരി നിർമ്മാർജനം | എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് | വർഷത്തിൽ ര ് തവണ | ഹെൽത്ത് ക്ലബ്ബ്<br><br>ആന്റി നാർക്കോട്ടിക് ക്ലബ്ബ് | പി.ടി.എ.<br><br>പ്രാദേശിക സഹായം |

# ACADEMIC MASTER PLAN - COMMUNICATIVE ENGLISH

കാലഘട്ടത്തിന്റെ ആവശ്യം പരിഗണിച്ച് രക്ഷാകർത്താക്ക ളിൽ ഇംഗ്ലീഷ് മീഡിയത്തോട് ആഭിമുഖ്യം കൂടുകയും മലയാളം മീഡിയത്തിന് ഒരു പിന്നോക്കാവസ്ഥ അനുഭവ പ്പെടുകയും ചെയ്തപ്പോൾ സ്കൂളിൽ വന്നുചേരുന്ന എല്ലാ കുട്ടികൾക്കും ഇംഗ്ലീഷി ൽ ആശയവിനിമയം നടത്താ ൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രക്ഷക ർത്താ ക്കളുമായി ചർച്ച ചെയ്ത് 2015 – 16 അധ്യായന വർഷ ത്തിൽ കമ്മ്യൂണി ക്കേറ്റീവ് ഇംഗ്ലീഷ് എന്ന അഡീഷണൽ ഇംഗ്ലീഷ് പരിശീലനം ആരംഭിച്ചു. 5 തുടങ്ങി 8 വരെയുള്ള ക്ലാസുകളിൽ ആഴ്ചയിൽ 2 പിരിവ് എന്ന ക്രമത്തിൽ ക്ലാസുകൾ നടത്തിവരുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. മാതൃഭാഷ പോലെ തന്നെ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു. | 1. കുട്ടികളോട് അവരുടെ ജീവിത അഭിലാഷം എന്തെന്ന് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു. (i have a dream) | അക്കാദമിക വർഷം | കമ്മ്യൂണി ക്കേറ്റീവ് ഇംഗ്ലീഷ്, അധ്യാപിക | രക്ഷകർത്താക്കൾ |
| 2. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ | ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി സ്പീച്ച്, സ്കിറ്റ് അവതരണം, മൂല്യാധിഷ്ഠിത പ്രസംഗം, ഇംഗ്ലീഷ് മാർച്ച് എന്നിവയുടെ അവതരണം (മീഡിയം വ്യത്യാസമില്ലാതെ ഇംഗ്ലീഷ്, മലയാളം മുഴുവൻ കുട്ടികൾക്കും) | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | |
| | | | | |

## ACADEMIC MASTER PLAN - READING


1. അവധിക്കാലത്ത് വരും വർഷത്തേക്ക് പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ നിർദ്ദേശിച്ച് അവയെ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു.
2. കഥ, കവിത വായനയിലൂടെ സർഗ്ഗശേഷി വളർത്തി എടുക്കുന്നു.
3. സംസ്ഥാന തലത്തിലേക്ക് വായന മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.
4. പ്രസംഗമത്സരം, ക്വിസ് മത്സരം, ഉപന്യാസ മത്സരം എന്നീ മേഖലകളിൽ സംസ്ഥാന തലത്തിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.
5. വായനദിനവും വായന വാരാഘോഷവും പ്രഗത്ഭരായ സാഹിത്യകാരന്മാരുടെയും കവികളുടെയും സാന്നിദ്ധ്യം ഉറപ്പ് വരുത്തിക്കൊണ്ട് സമുചിതമായ ആചരിക്കപ്പെടുന്നു.

## കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ<br>2. കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | 1.ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും ഫുട്ബോൾ, വോളിവോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ, സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ. | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | കായികാധ്യാപകൻ | പി.ടി.എ. ഡേ ബോർഡിംഗ് സ്കിം |

# ഉപസംഹാരം

ഉമിക്കുപ്പ സെന്റ് മേരീസ് ഹൈസ്കൂളിലെ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വോന്മുഖവുമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് അതിന് കഴിയുമെന്ന് ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.


ST:MARY'S HS UMIKUPPA